(സി) കൃഷി ചെലവ് കൂടുതലായതിനാൽ സംസ്ഥാനത്ത് ജട്രോഫ കൃഷി ആദായകരമല്ല. ഈ കൃഷിയുടെ മാർക്കറ്റിംഗ് സാധ്യതകളും സംസ്ഥാനത്ത് നിലവിലില്ല. കൂടാതെ ജട്രോഫ ചെടിയുടെ വിത്തിൽ വിഷാംശം അടങ്ങിയിട്ടുണ്ട്. അതിനാൽ ജട്രോഫ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അഭികാമ്യമല്ലായെന്ന് കേരള കാർഷിക സർവ്വകലാശാല അഭിപ്രായപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ 'നാഷണൽ ബയോ ഡീസൽ' എന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് ജട്രോഫ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകൾ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജട്രോഫ കൃഷി നടത്തുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൃഷി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൻമേൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ജട്രോഫ വിത്തിൽ 35 മുതൽ 40 ശതമാനം വരെ എണ്ണ അടങ്ങിയിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്.

അഗ്രി എക്സ്പോർട്ട് സോൺ ആന്റ് ബയോവാലി പ്രോജക്ട്

60 [998] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രി എക്സ്പോർട്ട് സോൺ ആന്റ് ബയോവാലി പ്രോജക്ട് എന്ന പേരിൽ ഒരു പദ്ധതി കൃഷി വകുപ്പ് നടപ്പാക്കിവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനകം പ്രോജക്ടിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളും ചെലവാക്കിയ തുകയും അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 647.4655 ലക്ഷം രൂപ.

(സി) (1) ബോധവൽക്കരണത്തിന്റെ ഭാഗമായി 1 ലക്ഷം ബുക്ക്ലെറ്റുകൾ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു. ഇതിനായി 1,99,918 രൂപ ചെലവഴിച്ചു.

(2) 100 കൃഷി ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള 4 പരിശീലനങ്ങൾ നടത്തി. ഇതിനായി 42,400 രൂപ ചെലവാക്കിയിട്ടുണ്ട്.

(3) 600 കർഷകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള 12 പരിശീലന പരിപാടികൾ നടപ്പിലാക്കി. ഇതിനായി 3,07,200 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(4) ഉള്ളൂരിലെ സ്റ്റേറ്റ് സീഡ് ഫാമിൽ മൂന്ന് ഹെക്ടർ സ്ഥലത്ത് 3,11,250 രൂപ അടങ്കൽ തുകയുള്ള ഒരു ഔഷധസസ്യത്തോട്ടം സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 99,250 രൂപ ചെലവഴിച്ചു.

(5) മൂപ്പത് വിദ്യാലയങ്ങളിൽ 3 ഹെക്ടർ സ്ഥലത്ത് ഔഷധസസ്യ തോട്ടങ്ങൾ നടപ്പിലാക്കി. ഇതിനായി 99,000 രൂപ ചെലവഴിച്ചു.

(6) ഔഷധ സസ്യങ്ങൾക്കുള്ള ഒരു ഡാറ്റ ബാങ്ക് ആന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടി എടുത്തു. ഇതിനായി 41,500 രൂപ ചെലവാക്കിയിട്ടുണ്ട്. ഇതു കൂടാതെ 15 പ്രോജക്ടുകൾ മുൻകൂട്ടി തയ്യാറാക്കി കേന്ദ്ര ഔഷധ സസ്യ ബോർഡിന് അംഗീകാരത്തിനായി അയച്ചു കൊടുത്തിട്ടുണ്ട്. ഈ പദ്ധതി 2005 മുതൽ അഞ്ചു വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ നടപ്പാക്കുന്നു.

(ഡി) പ്രസ്തുത പദ്ധതികൾ കാര്യക്ഷമമായിട്ടാണ് നടപ്പിലാക്കിവരുന്നത്.

തെങ്ങും കമുകും സംരക്ഷിക്കാൻ നടപടി

61 [999] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നാണ്യവിളകളായ തെങ്ങും കവുങ്ങും വൻതോതിൽ നശിച്ചു കൊണ്ടിരിക്കുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൃഷിനാശം കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ദീർഘകാല വിളകൾ നഷ്ടപ്പെടുമ്പോൾ അത്തരം വിളകൾ വീണ്ടെടുക്കുവാനും കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാനും ആവശ്യമായ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രോഗംമൂലം തെങ്ങും കമുകും നഷ്ടപ്പെടുന്നുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. കേരളത്തിൽ തെങ്ങിനെ ബാധിക്കുന്ന കാറ്റ് വീഴ്ച രോഗം കാരണം നാളീകേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 1996-ൽ നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ രോഗത്തിന്റെ തീവ്രത തിരുവനന്തപുരം ജില്ലയിൽ 2 ശതമാനവും ആലപ്പുഴ ജില്ലയിൽ 48 ശതമാനവുമാണ്. തിരുവനന്തപുരം ജില്ല മുതൽ തൃശ്ശൂർ ജില്ല വരെയും മറ്റ് ജില്ലകളിൽ ഒറ്റപ്പെട്ടും കാറ്റ് വീഴ്ച രോഗം കണ്ടുവരുന്നു. ഇതിനുപുറമേ മണ്ഡരി ബാധയും കൂമ്പുചീയൽ രോഗവും കേരളത്തിലെ തെങ്ങു കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 1997-ലെ കണക്കനുസരിച്ച് കാറ്റ് വീഴ്ച രോഗം കാരണം പ്രതിവർഷം നാളീകേര ഉൽപ്പാദനത്തിൽ ഏതാണ്ട് 300 കോടി രൂപയുടെ നഷ്ടമുണ്ടാക്കുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly